## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 705** **04.2.2020 -ൽ മറുപടിയ്ക്ക്**

### കല്ല്യാശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിലും സ്വദേശ് ദർശൻ പദ്ധതിയിലും ഉൾപ്പെടുത്തി നടത്തുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | മലനാട് റിവർ ക്രൂയിസ് ടൂറിസം സംസ്ഥാന പദ്ധതിയിൽ പ്പെട്ട പഴയങ്ങാടി ബോട്ട് ടെർമിനൽ നിർമ്മാണ പ്രവർത്തി നിർവ്വഹണ ഏജൻസിയായ ഉൾനാടൻ ജല ഗതാഗത വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്ഥലലഭ്യതയ്ക്കുള്ള മാടായി പഞ്ചായത്ത് റെസലൂഷൻ ലഭിച്ചിട്ടുണ്ട്. നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചു വരുന്നു.<br>സ്വദേശ് ദർശൻ സ്കീം - മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ച ബോട്ട് ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവർത്തികൾ കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) മാണ് ഏറ്റെടുത്തിട്ടുള്ളത്. പട്ടുവം പഞ്ചായത്ത് പരിധിയിൽപ്പെട്ട മംഗലശ്ശേരി പ്രദേശത്ത് ബോട്ട് ടെർമിനൽ നിർമ്മാണ പ്രവർത്തി നടന്നു വരികയാണ്. മറ്റു സ്ഥലത്തെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. ഡി.പി.ആർ പ്രകാരം പഞ്ചായത്ത്/ പൊതുസ്ഥലങ്ങളിലാണ് മിക്ക പ്രവർത്തികളും വിഭാവനം ചെയ്തതെങ്കിലും യഥാർത്ഥത്തിൽ പല കമ്പോണൻറുകളും സ്വകാര്യ സ്ഥലത്തും കൂടി ഉൾപ്പെടുന്നതിനാൽ റിലിങ്ക്വിഷ്മെൻറ് ചെയ്യുന്നതിനുള്ള നടപടികൾ സർവ്വേ ആവശ്യമുള്ള പ്രദേശങ്ങളിലെ സർവ്വേ പ്രവർത്തികൾ എന്നിവ റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചുവരുന്നുണ്ട്.<br>മാട്ടൂൽ പഞ്ചായത്തിൽ തെക്കുമ്പാട് പ്രദേശത്തെ 2.5 കി.മീ നടപ്പാത, മറ്റു ഘടകങ്ങളായ ആർട്ടിസാൻസ് ആല ബയോ ടോയലെറ്റ്, പാർക്കിംഗ് യാർഡ്, തെയ്യം പെർഫോർമിംഗ് യാർഡ് സൈക്കിൾ ട്രാക്ക് എന്നിവ നടപ്പിലാക്കുന്നതിനായി അമ്പതോളം സ്വകാര്യ വ്യക്തികളുടെ റിലിങ്ക്വിഷ്മെൻറ് വേണ്ടി വരുന്നതിനാലും ടി പ്രദേശത്ത് റീ സർവ്വേ നടക്കാത്തതിനാലും സ്ഥലം സബ് ഡിവിഷൻ ചെയ്ത് ബൗണ്ടറി തിട്ടപ്പെടുത്താൻ കഴിയാത്തതിനാൽ സർവ്വേ & ലാൻഡ് റെക്കോർഡ് വകുപ്പ് സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്താൻ വില്ലേജ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. |

അതിൻ പ്രകാരം ജില്ലാ സർവ്വേ സൂപ്രണ്ടിൻറെ നേതൃത്വത്തിൽ സർവേ നടപടികൾ പൂർത്തീകരിക്കുന്നതും റിലിങ്ക്വിഷ്മെന്റ് ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൻറെ ഭാഗത്തു നിന്നും പുരോഗമിച്ചു വരികയുമാണ്.

നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകിക്കൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചു വരുന്നു.

പട്ടുവം പഞ്ചായത്തിലെ മംഗലശ്ശേരി ബോട്ട് ടെർമിനൽ & മുതുകാട് ബോട്ട് ജെട്ടി, ചെറുകുന്ന് പഞ്ചായത്തിലെ താവം ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി, മാട്ടൂൽ സൗത്ത് ബോട്ട് ജെട്ടി & തെക്കുമ്പാട് ബോട്ട് ടെർമിനൽ എന്നിവയ്ക്കുള്ള പഞ്ചായത്ത് പ്രമേയം ലഭിച്ചിട്ടുണ്ട്.

മടക്കര ബോട്ട് ജെട്ടി സ്ഥലം പദ്ധതിയ്ക്ക് മാട്ടൂൽ പഞ്ചായത്ത് റെസല്യൂഷൻ ലഭ്യമാക്കേണ്ടതുണ്ട്.

ചെറുകുന്ന് പഞ്ചായത്തിലെ മൂട്ടിൽ ബോട്ട് ജെട്ടി & ചെറുകുന്ന് ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചാത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ സ്വകാര്യ സ്ഥലം റീലിങ്ക്വിഷമെൻറ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഇതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂട്ടിൽ ചെറുകുന്ന് പ്രദേശങ്ങളിലെ പദ്ധതികൾക്ക് പഞ്ചായത്ത് റെസല്യൂഷൻ ലഭ്യമാക്കേണ്ടതുണ്ട്.

പദ്ധതിയ്ക്ക് ആവശ്യമായ സി.ആർ.ഇസഡ് ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സി.ആർ.ഇസഡ് ക്ലിയറൻസിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ KSINC മുഖേന പുരോഗമിച്ചു വരികയാണ്

(signature)

സെക്ഷൻ ഓഫീസർ